# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1748** — **12-06-2019 -ൽ മറുപടിയ്ക്ക്**

**നൂനപക്ഷ ക്ഷേമ വകുപ്പിലെ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എം. കെ. മുനീർ | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | മുൻ സർക്കാരിന്റെ കാലത്ത് രൂപീകൃതമായ ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ആ സർക്കാർ എത്ര ജീവനക്കാരെ നിയമിച്ചു; അതിൽ എത്രപേരെ അക്കാലത്ത് ജോലിയിൽ സ്ഥിരപ്പെടുത്തി; | എ) | 70 ജീവനക്കാരെ താല്കാലികമായി നിയമിച്ചിരുന്നു. അക്കാലത്ത് ആരേയും സ്ഥിരപ്പെടുത്തിയിട്ടില്ല. |
| ബി) | ഈ സർക്കാർ പ്രസ്തുത വകുപ്പിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ, ഏതെല്ലാം തസ്തികകളിൽ; അതിൽ എത്ര പേരെ ഈ സർക്കാർ ജോലിയിൽ സ്ഥിരപ്പെടുത്തി; | ബി) | ഉണ്ട്. പ്രിൻസിപ്പൽ - 20 , കമ്പ്യൂട്ടർ ഓപ്പറേറ്റർ - 22 , ടൈപ്പിസ്റ്റ് കം കമ്പ്യൂട്ടർ ഓപ്പറേറ്റർ - 1 , എൽ.ഡി.ക്ലർക്ക് - 23, ഓഫീസ് അറ്റന്റന്റ് - 19 , പ്രോജക്ട് ഓഫീസർ - 1 , ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം സി.എ. - 1 , സി.എ. ടു ഡയറക്ടർ - 1, സൂപ്പർവൈസർ - 1, ഡ്രൈവർ -1.<br>ടി ജീവനക്കാരിൽ ആരേയും സ്ഥിരപ്പെടുത്തിയിട്ടില്ല. |
| സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിക്കുകയും ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും തസ്തികയിൽ സ്ഥിരപ്പെടുത്തുകയും ചെയ്തതായിട്ട് ആരെങ്കിലും ഉണ്ടോ; എങ്കിൽ എത്രപേർ, ഏതൊക്കെ തസ്തികകളിൽ എന്ന് വെളിപ്പെടുത്തുമോ; | സി) | ഇല്ല. |
| ഡി) | ഇനിയും ഈ വകുപ്പിൽ ആരെയെങ്കിലും നിയമിക്കാനോ നിലവിൽ ജോലി നോക്കി വരുന്ന ആരെയെങ്കിലും ജോലിയിൽ സ്ഥിരപ്പെടുത്താനോ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദമായ കണക്ക് തസ്തിക സഹിതം വ്യക്തമാക്കുമോ; | ഡി) | നിലവിലെ തസ്തികകളിൽ ഒഴിവു വരുന്ന മുറയ്ക്ക് നിയമനം നടത്തുന്നത് പരിഗണിക്കുന്നതാണ്. ആരേയും ജോലിയിൽ സ്ഥിരപ്പെടുത്തുവാൻ നിലവിൽ ഉദ്ദേശിക്കുന്നില്ല. |
| ഇ) | നിലവിൽ ജോലി നോക്കിവരുന്നവരിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്താൻ ഉദ്ദേശിച്ച് ഏതെങ്കിലും ഫയൽ സർക്കാരിലേക്ക് വകുപ്പ് നീക്കിയിരുന്നോ; എങ്കിൽ അതിന്റെ ഫയൽ/തീയതി/നമ്പർ സഹിതം വ്യക്തമാക്കുമോ; ഈ ഫയലിന്റെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ? | ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിൽ ജോലിചെയ്തുവരുന്നവരെ സ്ഥിര പ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ വകുപ്പിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**